I ഇ.ബി. XII-കേരള നിയമസഭ /V-16

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 ജൂലായ് 16, തിങ്കൾ

നിയമസഭ രാവിലെ 8.30- ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ശ്രദ്ധക്ഷണിക്കൽ

### (1) കർഷകർക്കുള്ള ദീർഘകാല വായ്പകൾ

**ശ്രീ. കെ. ശിവദാസൻ നായർ**: കാർഷികാവശ്യങ്ങൾക്കുള്ള 50,000 രൂപവരെയുള്ള വായ്പയ്ക്ക് 6.25 ശതമാനവും അതിനുമുകളിലുള്ള വായ്പയ്ക്ക് 7.25 ശതമാനവും പലിശയാണ് നബാർഡ് ഈടാക്കിയിരുന്നത്. അതിപ്പോൾ 9 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റേയും നബാർഡിന്റേയും ശ്രദ്ധയിൽപ്പെടുത്തി സംസ്ഥാന ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണം. സംസ്ഥാന ഗവൺമെന്റ് ഗ്യാരന്റിയോടുകൂടിയാണ് കൃഷിക്കാർക്ക് ദീർഘകാല വായ്പകൾ ലഭ്യമാക്കിക്കൊണ്ടിരുന്നത്. ഓരോ വർഷവും 0.75 ശതമാനം ഗ്യാരന്റി കമ്മീഷൻ നൽകണമെന്നുള്ളതുകൊണ്ട് 2003-നുശേഷം ഗവൺമെന്റ് ഗ്യാരന്റി നിൽക്കുന്നില്ല. ഇക്കാരണത്താലും കൃഷിക്കാർ വലിയ

ബുദ്ധിമുട്ടനുഭവിക്കുകയാണ്. നബാർഡ് കുത്തനെ വർദ്ധിപ്പിച്ച പലിശ നിരക്ക് കുറയ്ക്കുന്നതിനും ഗ്യാരന്റിയുടെ കാര്യം ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിഹരിക്കപ്പെടുന്നതിനും നടപടി സ്വീകരിക്കണം.

**സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):** ദീർഘകാല കാർഷിക വായ്പ നൽകുന്നതിന് നബാർഡിൽനിന്നും ലഭിക്കുന്ന പുനർവായ്പയ്ക്കുള്ള പലിശ 9 ശതമാക്കി നബാർഡ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. 50,000 രൂപ വരെയുള്ള പുനർവായ്പകൾക്ക് 6.75 ശതമാനവും 50,000 രൂപയ്ക്കു മുകളിൽ 7.50 ശതമാനവും പലിശയാണ് മുൻപുണ്ടായിരുന്നത്. ഗവൺമെന്റ് 1,52,471.65 ലക്ഷം രൂപയ്ക്കുള്ള ഗ്യാരന്റിയാണ് നബാർഡിന് നൽകിയിട്ടുള്ളത്. ഇതിന്റെ ബാക്കി നിൽപ്പു തുകയ്ക്കും അതിന്റെ പലിശയ്ക്കും ഓരോ വർഷവും 0.75 ശതമാനം കമ്മീഷൻ നൽകണമെന്ന വ്യവസ്ഥ നിലവിലുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ കണക്കു പ്രകാരം 2005-06 വരെ 54.28 കോടി രൂപ അടയ്ക്കാനുള്ളതായി കണക്കാക്കിയിട്ടുണ്ട്. പിന്നീടുള്ള ഓരോ വർഷവും 17-ഉം 18-ഉം കോടിയോളം രൂപ നൽകേണ്ടതായി വരുമെന്നും എന്നാൽ ബാങ്കിന് ലഭിക്കുന്ന മാർജിനിൽനിന്നും ഇത്രയും തുക സർക്കാരിലേയ്ക്ക് അടയ്ക്കാനുള്ള സാമ്പത്തിക ശേഷി ഇല്ലെന്നും ആയതിനാൽ കൂടുതലായി ഗ്യാരണ്ടി അനുവദിക്കുന്ന തുകയിൽ 0.75 ശതമാനം ഒറ്റത്തവണ ഗ്യാരണ്ടി കമ്മീഷൻ നൽകി അധിക ഗ്യാരണ്ടി അനുവദിക്കണമെന്നുമുള്ള ബാങ്കിന്റെ അപേക്ഷ പരിഗണിക്കുകയുണ്ടായില്ല. പലിശ നിരക്ക് 9 ശതമാനമായി

വർദ്ധിപ്പിച്ചതിനെത്തുടർന്ന് 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 11.25 ശതമാനവും ആയതിന് മുകളിലുള്ള വായ്പകൾക്ക് 12.50 ശതമാനവും പലിശ നിരക്ക് സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് പുനർനിശ്ചയിച്ചിട്ടുണ്ട്. . കേരളത്തിലെ കാർഷിക മേഖലയെ വിഭിന്നമായി കണ്ട് പലിശ നിരക്ക് കുറയ്ക്കുന്നതിന് ഉദാരമായ സമീപനം ഹെഡ് ഓഫീസുമായി ബന്ധപ്പെട്ട് സ്വീകരിക്കണമെന്ന് 29-5-2007-ൽ ചേർന്ന കാർഷിക ഗ്രാമ വികസന ബാങ്ക് പ്രതിനിധികളുടെ യോഗത്തിൽ സന്നിഹിതരായിരുന്ന നബാർഡ് പ്രതിനിധികളോട് ആവശ്യപ്പെടുകയും ഇക്കാര്യം ശ്രദ്ധയിൽകൊണ്ടുവരാമെന്ന് അവർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സഹകരണസംഘം രജിസ്ട്രാർ നബാർഡിന്റെ സംസ്ഥാന ചീഫ് ജനറൽ മാനേജർക്ക് രേഖാമൂലം കത്ത് നൽകിയിട്ടുണ്ട്. ഗ്യാരന്റി കമ്മീഷൻ, പുനർവായ്പ പലിശ നിരക്കിലുള്ള വർദ്ധനവ് തുടങ്ങിയ കാരണങ്ങളാൽ നിലവിൽ വായ്പ നൽകാൻ കഴിയാത്ത സ്ഥിതിയുണ്ട് എന്ന് കരുതുന്നില്ല. അപ്രകാരം ഒരു സ്ഥിതി ഉണ്ടാവുകയാണെങ്കിൽ യുക്തമായ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ്.

### (2) <u>സുനാമി പുനരധിവാസ പ്രവർത്തനങ്ങൾ</u>

**<u>ശ്രീ. പി. തിലോത്തമൻ:</u>** കാലവർഷക്കെടുതിമൂലം കേരളത്തിലെ കടൽത്തീരത്ത് ധാരാളം വീടുകൾ നഷ്ടപ്പെടുകയും നിരവധി വസ്തുക്കൾക്ക് നാശനഷ്ടമുണ്ടാകുകയും ചെയ്യുന്നു. സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾ വേഗത്തിൽ നടക്കാത്തതിൽ വലിയ പ്രതിഷേധമുണ്ട്. സുനാമി പുനരധിവാസ പദ്ധതി പ്രവർത്തനങ്ങൾ 12 വകുപ്പുകളിലായിട്ടാണ് തയ്യാറാക്കിയിരുന്നത്. എന്നാൽ പ്രവർത്തനങ്ങൾ

വേണ്ടത്ര വേഗത്തിൽ നടക്കുന്നില്ല. അതുകൊണ്ട് പ്രത്യേകം ഉദ്യോഗസ്ഥരെ നിയോഗിച്ച് ഈ പദ്ധതി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കടൽഭിത്തി നിർമ്മാണം, കുടിവെള്ളം, വൈദ്യുതി, വൈദ്യസഹായം, വീട് നിർമ്മാണം ഇത്യാദി കാര്യങ്ങൾക്ക് മുൻഗണന നൽകി പുനരധിവാസ പ്രവർത്തനങ്ങളിൽ ജനപ്രതിനിധികളെയും കാര്യശേഷിയുള്ള ഉദ്യോഗസ്ഥരേയും നിയോഗിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

**റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u>)**: കേന്ദ്ര സർക്കാരിൽ നിന്നും സുനാമി പുനരധിവാസ പദ്ധതികൾക്ക് സംസ്ഥാന ഗവൺമെന്റിന് അനുവദിച്ച അടങ്കൽ തുക 1441.75 കോടി രൂപയാണ്. അതിൽ 252.86 കോടി രൂപയാണ് എ.ഡി.ബി സഹായത്തോടെയുള്ള സുനാമി എമർജൻസി അസിസ്റ്റൻസ് പദ്ധതി. അതിൽ ആദ്യമാരംഭിച്ച മുഴുവൻ പദ്ധതികൾക്കും ഭരണാനുമതി നേരത്തെതന്നെ നൽകിയിട്ടുള്ളതാണ്. അതിൽ കുറേ പദ്ധതികൾ പൂർത്തിയായി.. 2008 സെപ്റ്റംബർ മാസത്തിൽ ഈ പദ്ധതികൾ പൂർണ്ണമായും പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. 2007 ജനുവരിയിൽ കേന്ദ്ര പ്ളാനിംഗ് കമ്മീഷന്റെ അനുമതി കിട്ടിയ 1188.89 കോടി രൂപയ്ക്കുള്ള പദ്ധതികൾ ഓരോ ഡിപ്പാർട്ടുമെന്റും തയ്യാറാക്കി അതിന്റെ നടപടികൾ പൂർത്തിയാക്കി പ്ളാനിംഗ് കമ്മീഷന്റെ അനുമതിക്കായി അയച്ചുകൊടുത്തിട്ടുണ്ട്. ഈ പദ്ധതികൾ പൂർണ്ണമായും 2009 സെപ്റ്റംബർ മാസത്തിൽ പൂർത്തീകരിക്കണം. ഇതിനായി യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനം വിവിധ

ഡിപ്പാർട്ടുമെന്റുകളുടെ കീഴിൽ നടന്നുവരികയാണ്. സംസ്ഥാന മന്ത്രിസഭയുടെ പ്രത്യേക യോഗം 2007 ഏപ്രിൽ മാസം 26-ന് ചേർന്ന് ഇതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തി. റവന്യു വകുപ്പുമന്ത്രി കൺവീനറായി ഏഴ് മന്ത്രിമാർ ഉൾപ്പെടുന്ന ഒരു ഉപസമിതി ഇതിനായി രൂപീകരിച്ചു. എല്ലാ ബുധനാഴ്ചകളിലും സമിതി യോഗം ചേർന്ന് പ്രർത്തനങ്ങൾ വിലയിരുത്തിവരുന്നു. ഭൂമി ഏറ്റെടുക്കലിനായി ഫാസ്റ്റ് ട്രാക്ക് സംവിധാനമേർപ്പെടുത്തി. ചീഫ് സെക്രട്ടറി തീരുമാനങ്ങൾക്ക് അംഗീകാരം നൽകുന്നു. മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. സംസ്ഥാന പ്ളാനിംഗ് ബോർഡിന്റെ വൈസ് ചെയർമാൻ ഈ കമ്മിറ്റിയിൽ അംഗമാണ്. പ്രവർത്തനം ത്വരിതപ്പെടുത്താൻ എല്ലാ വകുപ്പുകളിലും പ്രത്യേകം സെൽ രൂപീകരിച്ചിട്ടുണ്ട്. സുനാമി ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപവീതം സഹായധനമായി സംസ്ഥാന ഗവൺമെന്റ് നൽകിക്കഴിഞ്ഞു. പത്ത് ലക്ഷം രൂപ ചെലവിൽ ആലപ്പാട്ട് ഒരു സുനാമി മ്യൂസിയം സ്ഥാപിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.. ഇവരുടെ പാർപ്പിട പദ്ധതിക്ക് 325 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മൽസ്യരംഗത്തുള്ളവരുടെ ഉപജീവനമാർഗ്ഗത്തിന് 163 കോടി രൂപയും തീരദേശ റോഡ് പുനർനിർമ്മാണത്തിന് 92.5 കോടി രൂപയും കുടിവെള്ളത്തിന് 132 കോടി രൂപയും തീരദേശത്തെ കടൽഭിത്തി നിർമ്മാണത്തിന് 120 കോടി രൂപയും മാറ്റിവച്ചിരിക്കുകയാണ്. 108 കോടി രൂപയാണ് വിദ്യാഭ്യാസ-ആരോഗ്യ-സംരക്ഷണ മേഖലകൾക്ക്

നീക്കിവച്ചിട്ടുള്ളത്. അന്ധകാരനഴിക്കായി 100 കോടി രൂപയുടെ ഒരു പാക്കേജ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

## സബ്മിഷൻ

### (1) വിജിലയുടെ ദുരൂഹമരണം

**ശ്രീ. ജി. കാർത്തികേയൻ** : ബാംഗ്ലൂരിലെ ശ്രീരാമകൃഷ്ണ നഴ്സിംഗ് കോളേജ് വിദ്യാർത്ഥിനിയായ ആര്യനാട് നിയോജകമണ്ഡലത്തിലെ കാട്ടാക്കട കൊല്ലോട് പ്രദേശത്തെ കുമാരി വിജിലയുടെ 28-05-2007 -നുണ്ടായ ദുരൂഹമരണം സംബന്ധിച്ച് അന്വേഷിക്കുന്നതിനും അവരുടെ കുടുംബത്തിന് ആവശ്യമായ ധനസഹായം നൽകുന്നതിനും നടപടിയുണ്ടാക ണം. ആന്തരാവയവങ്ങൾ എടുത്ത് വില്ക്കുന്ന ലോബി ഇതിന്റെ പിറകിൽ പ്രവർത്തിക്കുന്നതായി സംശയമുള്ളതിനാൽ അക്കാര്യത്തിലും പ്രത്യേക അന്വേഷണം ഉണ്ടാകണം.

**മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ)** : ബാംഗ്ലൂരിലെ ശ്രീരാമ കൃഷ്ണ നഴ്സിംഗ് കോളേജ് വിദ്യാർത്ഥിനിയായ തിരുവനന്തപുരം കാട്ടാക്കട കൊല്ലോട് ചെറുമല സ്വദേശി കുമാരി വിജിലയുടെ മൃതദേഹം ദൂരൂഹ സാഹചര്യത്തിൽ ആന്ധ്രാപ്രദേശിലെ ഹിന്ദുപൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ റെയിൽവേ ട്രാക്കിനു സമീപം കണ്ടതിനെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തി കുറ്റവാളികളെ അടിയന്തിരമായി കണ്ടുപിടിക്കണമെന്ന് ആവശ്യപ്പെട്ട് പിതാവ് നിവേദനം നൽകിയിട്ടുണ്ട്. അന്വേഷണം നടത്തി വസ്തുതകൾ പുറത്തുകൊണ്ടുവരണമെന്നാവശ്യപ്പെട്ട് 11-06-2007-ന് കർണ്ണാടക-ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിമാർക്ക് ഇതു സംബന്ധിച്ച് കത്തുകൾ അയച്ചു. ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ആന്ധ്രാപ്രദേശ്

മുഖ്യമന്ത്രിയുടെ മറുപടി ലഭ്യമായിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തിര തുടർനടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

## (2) കണിച്ചുകുളങ്ങര കൊലക്കേസ് ആക്ഷൻ കൗൺസിൽ നൽകിയ പരാതി

**ശ്രീ. പി. ജയരാജൻ:** കണിച്ചുകുളങ്ങരയിൽ 2005 ജൂലായ് മാസം എവറസ്റ്റ് ചിട്ടി ഉടമയും സഹോദരിയുമടക്കം മൂന്നുപേർ കൊല്ലപ്പെട്ടത് സംബന്ധിച്ച് ആക്ഷൻ കൗൺസിൽ വെളിപ്പെടുത്തിയ വസ്തുതകളെക്കുറിച്ച് വിശദമായ അന്വേഷണം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):** കണിച്ചുകുളങ്ങര ആക്ഷൻ കൗൺസിൽ വെളിപ്പെടുത്തിയ വസ്തുതകളെക്കുറിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഇതു സംബന്ധിച്ച് നിയമപരമായി യാതൊരു പരാതിയും സർക്കാരിനോ പോലീസിനോ ലഭിച്ചിട്ടില്ല. ഈ കേസ് തുടർന്ന് അന്വേഷിക്കുന്നതിന് വിജിലൻസിനെ ചുമതലപ്പെടുത്തുന്നതാണ്.

## (3) കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം

**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:** പെരളശ്ശേരി അഡ്ജോയിനിംഗ് കുടിവെള്ള പദ്ധതിയുടെ വാട്ടർ ടാങ്കിന്റെ പ്രവർത്തനം അടിയന്തിരമായി പൂർത്തിയാക്കി പേരാവൂർ നിയോജകമണ്ഡലത്തിലെ കീഴൂർ-ചാവശ്ശേരി കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കണം. വട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ ഭാഗമായ കുടിവെള്ള പദ്ധതിക്ക് അനുമതി നൽകി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ പൂർത്തിയാക്കണം. അയ്യൻകുന്ന് പഞ്ചായത്തിലെ പാറക്കാമല, കൂടാളി പഞ്ചായത്തിലെ കാളാമ്പാറ-ആയുപ്പുഴ പദ്ധതി, മട്ടിണി അഡ്ജോയിനിംഗ് പദ്ധതി, ആറളം പഞ്ചായത്തിലെ ആറളം

കുടിവെള്ളപദ്ധതി എന്നിവ അടുത്ത വേനൽക്കാലത്തിന് മുമ്പ് പൂർത്തിയാക്കി ജനങ്ങളുടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണണം.

**ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ):** വട്ടന്നൂർ മുനിസിപ്പാലിറ്റിക്ക് മാത്രമായി ഒരു പുതിയ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ മാനദണ്ഡപ്രകാരമുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഇത് നടപ്പിലാക്കുന്നതോടെ വട്ടന്നൂർ മുനിസിപ്പാലിറ്റി പ്രദേശത്തെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമുണ്ടാകുന്നതാണ്. പെരളശ്ശേരിക്കും അനുബന്ധ പഞ്ചായത്തുകൾക്കുമായുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് കമ്മിഷൻ ചെയ്യുന്ന മുറയ്ക്ക്, 2007 ഡിസംബർ മാസത്തോടുകൂടി കീഴൂർ-ചാവശ്ശേരി പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാളി ഗ്രാമപഞ്ചായത്തിലെ ആയുപ്പുഴ-കാളാമ്പാറ പദ്ധതിക്ക് എസ്.എൽ.ഇ.സി.യുടെ പരിഗണന ലഭിക്കേണ്ടതുണ്ട്. പായം ഗ്രാമപഞ്ചായത്തിലെ മട്ടിണി, അയ്യൻകുന്ന് പഞ്ചായത്തിലെ പാറക്കാമല പദ്ധതി എന്നിവയുടെ പ്രൊപ്പോസലുകൾ മിനി സ്കീമിലുൾപ്പെടുത്തി 2007-ലെ എസ്. എൽ. ഇ. സി.യുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## (4) നിതിന്റെ ദുരൂഹമരണം

**ശ്രീ. വി. സുരേന്ദ്രൻപിള്ള:** തിരുവനന്തപുരം വെസ്റ്റ് നിയോജകമണ്ഡലത്തിലെ ശംഖുമുഖത്തുനിന്നും ജൂലൈ 10-ാം തീയതി സന്ധ്യയ്ക്ക് ട്യൂഷന് പോയ സെന്റ് ജോസഫ് സ്കൂളിലെ 10-ാം ക്ലാസ് വിദ്യാർത്ഥിയായ നിതിൻ മടങ്ങിവന്നില്ല. അന്യായമായി ആരോ തടങ്കലിൽ വച്ചിരിക്കുന്നുവെന്ന്

അപായ സൂചന ലഭിക്കുന്ന വിധത്തിൽ കുട്ടി ടെലിഫോൺ ചെയ്തതായി റിപ്പോർട്ടുണ്ട്. പിറ്റേദിവസം രാവിലെ കുട്ടിയുടെ മൃതശരീരം ദുരൂഹ സാഹചര്യത്തിൽ റെയിൽവേ ട്രാക്കിൽ കിടക്കുന്നതായാണ് കണ്ടെത്താൻ സാധിച്ചത്. കൊലപാതകമാണോ എന്നുള്ളത് സംബന്ധിച്ച് നാട്ടുകാർക്കും ബന്ധുക്കൾക്കും ആശങ്കയുണ്ട്. ഇത്തരം കാര്യങ്ങളെക്കുറിച്ച് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):** തിരുവനന്തപുരം സെന്റ് ജോസഫ് സ്കൂൾ വിദ്യാർത്ഥിയായ നിതിന്റെ ദുരൂഹ മരണത്തെക്കുറിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ട്യൂഷന് പോയ മകൻ മടങ്ങി വന്നില്ലെന്ന് ജൂലൈ 10--ാം തീയതി രാത്രി 10.30-ന് നിതിന്റെ പിതാവ് വലിയതുറ പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടതിനെത്തുടർന്ന് man missing-ന് കേസ് രജിസ്റ്റർ ചെയ്ത് കാണാതായ കുട്ടിയെപ്പറ്റി അന്വേഷണം നടത്തിയിരുന്നു. 11--ാം തീയതി രാവിലെ 8 മണിയോടുകൂടി ആൾസെയിന്റ്സ് കോളേജിനടുത്തുള്ള റെയിൽവേ ട്രാക്കിൽ കുട്ടിയുടെ മൃതദേഹം കാണപ്പെട്ടതിനെത്തുടർന്ന് പൂന്തുറ സർക്കിൾ ഇൻസ്പെക്ടർ ഈ കേസിന്റെ അന്വേഷണം ഏറ്റെടുത്തു. സയന്റിഫിക് വിദഗ്ദ്ധന്റെയും ഡോഗ് സ്ക്വാഡിന്റെയും സേവനം ഈ കേസിൽ ലഭ്യമാക്കിയിട്ടുണ്ട്. മൃതദേഹം പരിശോധിച്ച് പ്രേതവിചാരണ റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം പോസ്റ്റ്മോർട്ടം പരിശോധനയ്ക്കായി തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. അന്വേഷണത്തിൽ കുട്ടി വിളിച്ചതായി പറയപ്പെടുന്ന രണ്ട് ഫോൺ നമ്പറുകളും കരിക്കകം എന്ന സ്ഥലത്തെ ടെലിഫോൺ ബൂത്തുകളിലെ നമ്പറാ

ണെന്നും ആ സമയം സമീപത്ത് വാഹനങ്ങളോ ആളുകളോ ഉണ്ടായിരുന്നില്ല എന്നും അറിവായിട്ടുണ്ട്. കൊലപാതകമാണോ, ആത്മഹത്യയാണോ, അപകട മരണമാണോ എന്നത് സംബന്ധിച്ച് അന്വേഷണം നടത്തിവരുന്നുണ്ട്.. ഇത് ഒരു പ്രത്യേക കേസ്സെന്ന നിലയിൽ പരിഗണിച്ച് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതാണ്.

**(5) <u>ഫിഷറീസ് റോഡിന്റെ പുനർനിർമ്മാണം</u>**

**<u>ശ്രീ. എം. മുരളി</u>:** ചെറുകോൽ മൽസ്യത്തൊഴിലാളി ഗ്രാമത്തിലെ ജനങ്ങൾ ആശ്രയിക്കുന്ന പ്രായിക്കര-പറക്കടവ് കടവുകളെ ബന്ധിപ്പിക്കുന്നതും അച്ചൻകോവിലാറിന്റെ പടിഞ്ഞാറേ തീരത്ത് സ്ഥിതി ചെയ്യുന്നതുമായ 3.50 മീറ്റർ വീതിയുള്ള റോഡ് തകർന്നനിലയിലാണ്. 6 മീറ്റർ വീതിയുണ്ടെങ്കിൽ മാത്രമേ റോഡ് പണി നബാർഡ് ഏറ്റെടുക്കുകയുള്ളൂ. പ്രസ്തുത ഫിഷറീസ് റോഡ് 6 മീറ്റർ വീതിയുള്ളതാക്കി മാറ്റി നബാർഡിന്റെ സഹായത്തോടെ പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

**ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ)</u>:** മാവേലിക്കരയിലെ ചെന്നിത്തല-തൃപ്പന്തുറ റോഡ് പൂർണ്ണമായും തകർന്നനിലയിലാണ്. ഈ റോഡിന്റെ പുനർനിർമ്മാണത്തിന് നബാർഡിനെ സമീപിച്ചിരുന്നുവെങ്കിലും നബാർഡ് നിഷ്ക്കർഷിക്കുന്ന വീതി 6 മീറ്റർ ആയതുകൊണ്ട് 3.50 മീറ്റർ വീതിമാത്രമുള്ള റോഡിന്റെ പണി നബാർഡ് ഏറ്റെടുത്തില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് ഈ റോഡ് കര ഇറക്കി വീതി കൂട്ടിയാൽ എത്രയുംപെട്ടെന്ന് റോഡ് പണിക്കുവേണ്ടി നബാർഡിനെ സമീപിക്കാൻ കഴിയും. അതിനായി ഹാർബർ

എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിനോട് റിപ്പോർട്ട് നൽകാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

### (6) ആലപ്പുഴ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. സീറ്റ് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

**ശ്രീ. കെ.സി. വേണുഗോപാൽ:** എം.ബി.ബി.എസ്സിനുള്ള 50 സീറ്റുകൾ ഈ വർഷവും എം.സി.ഐ. നിഷേധിച്ചിരിക്കുന്ന ആലപ്പുഴ മെഡിക്കൽ കോളേജിൽ പല ഡിപ്പാർട്ടുമെന്റുകളിലുമായി പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഓപ്പറേഷൻ തീയേറ്ററിലും വൈറോളജി ഡിപ്പാർട്ടുമെന്റിലും യാതൊരു ആധുനിക സജ്ജീകരണങ്ങളുമില്ല. ആലപ്പുഴ മെഡിക്കൽ കോളേജിലെ ശോചനീയാവസ്ഥ പരിഹരിച്ച് എം.ബി.ബി.എസ്സിന് 50 സീറ്റുകൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):** ആലപ്പുഴ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്സിന് 50 സീറ്റുകൾ വർദ്ധിപ്പിച്ചുകിട്ടണമെന്ന ആവശ്യം എം.സി.ഐ. അംഗീകരിച്ചില്ലെങ്കിലും ഇതിനോടകം സീറ്റ് വർദ്ധനവുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ പോയതിനുശേഷം തൃശ്ശൂർ, കോട്ടയം മെഡിക്കൽ കോളേജുകളിൽ 50 സീറ്റ് വീതം വർദ്ധിപ്പിച്ചു കിട്ടിയിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലെ എക്യുപ്മെന്റ്സിന്റെ കുറവ് പരമാവധി പരിഹരിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലും ജനറലാശുപത്രിയിലും സി.ടി. സ്കാൻ ലഭ്യമാക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രിയുമായി

ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. നിലവിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്റ്റാഫിന്റെ ഷോർട്ടേജ് ഉണ്ട്.

**(7) <u>എസ്.എസ്.എൽ.സി. പാസ്സായവരുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ</u>**

**<u>ശ്രീ. കെ.പി. മോഹനൻ:</u>** പാഠ്യേതര വിഷയങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകി മാർക്ക് പുനർനിർണ്ണയം നടത്തിയതിലുണ്ടായ തകരാറുമൂലം എസ്.എസ്.എൽ.സി. പാസ്സായ വളരെയേറെ വിദ്യാർത്ഥികൾ പ്ലസ് വണ്ണിന് അഡ്മിഷൻ ലഭിക്കാതെ ബുദ്ധിമുട്ടുകയാണ്. എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റ് തെറ്റായി പുനർനിർണ്ണയം നടത്തിയ അദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിക്കുന്നതോടൊപ്പം ഈ വിദ്യാർത്ഥികൾക്ക് പ്ലസ് വണ്ണിന് അഡ്മിഷൻ ലഭ്യമാക്കാനുള്ള നടപടിയും സ്വീകരിക്കണം.

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. പി.സി. വിഷ്ണുനാഥും നോട്ടീസ് നൽകിയിരുന്നു.)

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u>** ഉപരിപഠനത്തിന് അർഹത നഷ്ടപ്പെട്ട 151 വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള സൗകര്യമൊരുക്കാൻ ഒരു വർഷം നഷ്ടപ്പെടാതെ അവർക്ക് ഒരിക്കൽക്കൂടി പരീക്ഷ എഴുതാനുള്ള ക്രമീകരണം നടത്തുന്നതിന് ഹയർ സെക്കന്ററി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാഷണൽ ഇൻഫർമാറ്റിക് സെന്റർ കഴിഞ്ഞ വർഷം പാസ്സായ കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകിയിരുന്നത് കമ്പ്യൂട്ടറിൽ നിന്ന് നീക്കം ചെയ്യാതിരുന്നതുകൊണ്ട് ഇപ്പോൾ പാസ്സായ കുട്ടികൾക്ക് അവരുടെ രജിസ്റ്റർ നമ്പറിനു നേരെ കഴിഞ്ഞ വർഷത്തെ കുട്ടികളുടെ ഗ്രേസ് മാർക്ക് വരാൻ ഇടയായി. ഇത്തരത്തിൽ

ഫലപ്രഖ്യാപനം നടത്തുമ്പോൾ ഉണ്ടായ സാങ്കേതിക തകരാർ മേലിൽ ആവർത്തിക്കാതിരിക്കാൻ വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പറിനൊപ്പം ഏത് വർഷം പാസ്സായി എന്നതുകൂടി എഴുതിച്ചേർത്ത് ഗ്രേസ് മാർക്ക് കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മാർക്ക് പുനർനിർണ്ണയം നടത്തിയതിൽ ഗുരുതരമായ വീഴ്ച വരുത്തിയവർക്കെതിരെ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (8) <u>സ്കൗട്ട് ആന്റ് ഗൈഡ്സ് ഗ്രേസ് മാർക്ക് സർട്ടിഫിക്കറ്റിൽ ചേർക്കണമെന്ന ആവശ്യം</u>

**<u>ശ്രീ. മുരളി പെരുനെല്ലി:</u>** ഇത്തവണ 1574 പേർ എഴുതിയ രാഷ്ട്രപതി സ്കൗട്ട് ആന്റ് ഗൈഡ്സ് ടെസ്റ്റിന്റെ ലിസ്റ്റ് വൈകി ലഭിച്ചതിനാൽ പ്ലസ് വണ്ണിന് ഗ്രേസ് മാർക്ക് ചേർക്കാൻ സാധിക്കാതെ വന്നതുമൂലം ഈ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കാതെ പോയി. ഈ ലിസ്റ്റ് സമയബന്ധിതമായി ലഭ്യമാക്കി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം സ്ഥാപിച്ചുകിട്ടാനുള്ള നടപടി സ്വീകരിക്കണം.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u>** നാഷണൽ അസോസിയേഷൻ നടത്തുന്ന രാഷ്ട്രപതി സ്കൗട്ട് ആന്റ് ഗൈഡ്സ് പരീക്ഷ വൈകി നടന്നതിനാൽ റിസൽറ്റ് വന്നതും പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ലഭിച്ചതും താമസിച്ചായിരുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ ഹയർ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റിൽ ക്രമീകരണമേർപ്പെടുത്തിയിട്ടുണ്ട്. പ്രശ്നത്തിനുള്ള പരിഹാരം കാണാൻ സർക്കാർ നടപടി കൈക്കൊള്ളുന്നതാണ്.

### (9) <u>ചാലിശ്ശേരി ബ്ലോക്ക് പി.എച്ച്.സി. സി.എച്ച്.സിയായി ഉയര്‍ത്തണമെന്ന ആവശ്യം</u>

**<u>ശ്രീ. ടി.പി. കുഞ്ഞുണ്ണി:</u>** 9 ഗ്രാമപഞ്ചായത്തുകള്‍ ഉള്‍പ്പെട്ട തൃത്താല മണ്ഡലത്തില്‍ ആരോഗ്യചികില്‍സാ രംഗത്തെ ഏക ആശ്രയമായ ചാലിശ്ശേരി ബ്ലോക്ക് പി.എച്ച്.സി. സി.എച്ച്.സിയാക്കി ഉയര്‍ത്തണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചര്‍</u>)**: 9 ഗ്രാമപഞ്ചായത്തുകള്‍ ഉള്‍പ്പെട്ട തൃത്താല മണ്ഡലത്തിലെ ചാലിശ്ശേരി ബ്ലോക്ക് പി.എച്ച്.സിയില്‍ ഐ.പി. സൗകര്യമുണ്ടെങ്കിലും ഡോക്ടര്‍മാരുടെ എണ്ണം കുറവായതിനാല്‍ രോഗികള്‍ക്ക് വേണ്ടത്ര പ്രയോജനം ലഭ്യമാകുന്നില്ല. ചാലിശ്ശേരി ബ്ലോക്ക് പി.എച്ച്.സി. സി.എച്ച്.സിയായി ഉയര്‍ത്തുന്നതുള്‍പ്പെടെ എല്ലാ മണ്ഡലങ്ങളിലും സി.എച്ച്.സി. സ്ഥാപിക്കുന്നതിനെക്കുറിച്ച് അധികം വൈകാതെതന്നെ സര്‍ക്കാര്‍ തീരുമാനമെടുക്കുന്നതാണ്.

### (11) <u>അന്യസംസ്ഥാന ലോട്ടറിക്കമ്പനിയില്‍ നിന്നും കോഴ വാങ്ങിയ കേസ്സിനെ സംബന്ധിച്ച്</u>

**<u>ശ്രീ. കെ. ബാബു:</u>** അന്യസംസ്ഥാന ലോട്ടറി ഉടമയില്‍ നിന്ന് ശ്രീ. ഇ.പി. ജയരാജന്‍ 2 കോടി രൂപ കോഴ വാങ്ങിയെന്നും ദേശാഭിമാനി ഡെപ്യൂട്ടി ജനറല്‍ മാനേജര്‍ ശ്രീ. കെ. വേണുഗോപാല്‍ 'ലിസ്' എന്ന സ്ഥാപനത്തില്‍ നിന്നും ഒരു കോടി രൂപ കോഴ വാങ്ങിയെന്നുമുള്ള കേസില്‍ ഇവര്‍ക്കുവേണ്ടി കോടതിയില്‍ വിജിലന്‍സ് പ്രോസിക്യൂട്ടര്‍ ഹാജരായി വാദിക്കുകയുണ്ടായി. സ്വകാര്യ വ്യക്തികള്‍ക്കുവേണ്ടി കോടതിയില്‍ ഹാജരായ വിജിലന്‍സ് ഉദ്യോഗസ്ഥനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):** തിരുവനന്തപുരത്തെ വിജിലൻസ് കോടതിയിൽ അഡ്വക്കേറ്റ് പി. റഹീം ഫയൽ ചെയ്ത ഒരു സ്വകാര്യ അന്യായത്തിന്റെ വാദം നടത്താൻ സർക്കാരിനുവേണ്ടി ആരെയും ചുമതലപ്പെടുത്തിയിട്ടില്ല.

## റിപ്പോർട്ട് സമർപ്പണം

പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## ചട്ടം 300 അനുസരിച്ചുളള പ്രസ്താവന

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) സംസ്ഥാനത്തിന്റെ വ്യവസായ-വാണിജ്യ നയത്തെ സംബന്ധിച്ച് പ്രസ്താവന നടത്തി.

## ക്രമപ്രശ്നം

**സഭാസമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ എം.എൽ.എ.മാർ പങ്കെടുക്കേണ്ട യോഗങ്ങൾ വിളിച്ചുകൂട്ടുന്നത് സംബന്ധിച്ച്**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:** പട്ടികജാതിക്കാരുടെ പുനരധിവാസത്തിന് വേണ്ടിയുളള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗം ഇന്ന് 3 മണിക്ക് പത്തനംതിട്ടയിൽ നടക്കുകയാണ്. നിയമസഭാംഗങ്ങൾകൂടി പങ്കെടുക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു യോഗമാണ്. എം.എൽ.എ.മാർ പങ്കെടുക്കേണ്ട യോഗങ്ങൾ നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ നടത്തരുതെന്നുളള റൂളിംഗ് നിലനിൽക്കുമ്പോഴാണ് ഈ യോഗം ഇന്ന് വിളിച്ചുകൂട്ടിയിട്ടുളളത്. ഇത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ ശക്തമായ നിർദ്ദേശം നൽകണം.

## റൂളിംഗ്

**<u>മി. സ്പീക്കർ</u>**: നിയമസഭാംഗങ്ങൾകൂടി പങ്കെടുക്കേണ്ട യോഗങ്ങൾ നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ വിളിച്ചുകൂട്ടാൻ പാടില്ലെന്ന് നിരവധി തവണ റൂളിംഗ് ഉണ്ടായിട്ടുണ്ട്. റൂളിംഗിനുശേഷവും ഇത്തരത്തിലുള്ള യോഗങ്ങൾ വിളിച്ചുകൂട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സഭയോടുള്ള അവകാശലംഘനമായി കണക്കാക്കി നടപടി സ്വീകരിക്കേണ്ടി വരുമെന്നുള്ളത് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുകയാണ്.

## ധനകാര്യം

### <u>2007-2008 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

**ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ)</u>**: താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം
(61,14,00,000) രൂപ

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം
(119,32,35,000)രൂപ

ധനാഭ്യർത്ഥന നമ്പർ XXXII -ക്ഷീര വ്യവസായം
(19,82,94,000) രൂപ

**നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറുമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>:** പ്രമേയത്തെ പിന്താങ്ങുന്നു.

**ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>)**: നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ച് ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവ്യവസായം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ എ.പി. അനിൽകുമാർ, കെ. ബാബു, എൻ. ശക്തൻ, എം. മുരളി, കെ.സി. വേണുഗോപാൽ, ടി. എൻ. പ്രതാപൻ, ജോർജ് മേഴ്സിയർ, ജി. കാർത്തികേയൻ, തേറമ്പിൽ രാമകൃഷ്ണൻ, ബി. ബാബുപ്രസാദ്, കെ. ശിവദാസൻ നായർ, കെ. സി. ജോസഫ്, ജോസഫ് എം. പുതുശ്ശേരി, റോഷി അഗസ്റ്റിൻ, സി.ടി. അഹമ്മദ് അലി, വി. കെ. ഇബ്രാഹിം കുഞ്ഞ്, കെ. കുട്ടി അഹമ്മദ് കുട്ടി, എം. ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, കെ. മുഹമ്മദുണ്ണി ഹാജി, തോമസ് ചാഴികാടൻ, തോമസ് ചാണ്ടി, അടൂർ പ്രകാശ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

**<u>ശ്രീ. എം. മുരളി</u>**: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ 14 മാസത്തെ പ്രവർത്തനങ്ങൾകൊണ്ട് വിലക്കയറ്റം ഉൾപ്പെടെയുള്ള രൂക്ഷമായ പ്രശ്നങ്ങളാണ് കേരളത്തിലെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾവഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചതാണ് പൊതുകമ്പോളത്തിൽ വിലക്കയറ്റമുണ്ടാകാൻ കാരണം. പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില

വർദ്ധിച്ചു. ഫോട്ടോ പതിച്ച പുതിയ റേഷൻ കാർഡുകൾ എത്രയുംപെട്ടെന്ന് വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. പുതുക്കിയ റേഷൻ കാർഡ് ലഭിക്കാത്തതുമൂലം ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു. എഫ്.സി.ഐ.വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തണം. ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കളാണ് സൗജന്യ റേഷനായി വിതരണം ചെയ്യുന്നത്. ഭക്ഷ്യസാധനങ്ങളിലെ വിഷബാധ തടയാൻ ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സിവിൽ സപ്ളൈസ് വകുപ്പിൽ സംവിധാനം ഏർപ്പെടുത്തണം. മൃഗസംരക്ഷണ വകുപ്പിൽ 14 കേന്ദ്രാവിഷ്കൃത പദ്ധതികളും 21 സംസ്ഥാന പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് യാതൊരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല. ഡയറി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടേണ്ടതുണ്ട്. സംസ്ഥാനത്ത് പാൽ ഉൽപ്പാദനത്തിന്റെ കാര്യത്തിൽ പുരോഗതിയുണ്ടായിട്ടില്ല. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനമില്ല. ക്ഷീര കർഷക ക്ഷേമനിധി നിയമംകൊണ്ട് ക്ഷീര കർഷകർക്ക് അർഹിക്കുന്ന പരിഗണന ലഭിച്ചിട്ടില്ല. അഞ്ച് വർഷം പൂർത്തിയാക്കാത്ത അംഗങ്ങൾക്ക് പെൻഷൻ ആനുകൂല്യം ലഭിക്കില്ല.

**<u>ശ്രീ. വി. ശശികുമാർ</u>**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇൻഡ്യയ്ക്കാകെ മാതൃകയായി പൊതുവിതരണ രംഗത്ത് വിപുലമായ സംവിധാനമുള്ള സംസ്ഥാനമാണ് കേരളം. റേഷൻ ഷോപ്പുകൾക്കും

സപ്ളൈകോയ്ക്കും പുറമേ സഹകരണ പ്രസ്ഥാനത്തെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പൊതുവിതരണ രംഗത്തെ ശക്തിപ്പെടുത്തി. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭക്ഷ്യനയം ഭക്ഷ്യധാന്യ സംഭരണത്തെ സ്വകാര്യവൽക്കരിക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. സംസ്ഥാന ഗവൺമെന്റ് ഈ രംഗത്ത് മാതൃകാപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവധി വ്യാപാര ഭക്ഷ്യോൽപ്പാദനത്തിൽ കുറവുവരുത്താനും കുത്തകകൾ ഏകപക്ഷീയമായി ഭക്ഷ്യ സാധനങ്ങളുടെ വില നിശ്ചയിക്കുന്നത് തടയാനും നടപടി സ്വീകരിച്ചു. കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള നയങ്ങൾ പൊതുവിതരണ സംവിധാനത്തെ ദുർബലപ്പെടുത്തുന്നതാണ്. ബി.പി.എൽ., അന്ത്യോദയ പദ്ധതികൾക്കു മാത്രമായി റേഷൻ സാധനങ്ങളുടെ ക്വാട്ട പരിമിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. വിലക്കയറ്റം നിയന്ത്രിക്കാൻ ഗവൺമെന്റ് മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിയത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിതരണ രംഗത്തുണ്ടായ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണം. ഈ ഗവൺമെന്റ് അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് മാതൃകാപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 50 മാവേലി സ്റ്റോറുകളും 20 മാവേലി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചു. കഴിഞ്ഞ ഓണക്കാലത്ത് ഓണക്കിറ്റുകൾ വിതരണം ചെയ്യുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചു. റിലയൻസ് പോലുള്ള കുത്തക കമ്പനികളുടെ കടന്നുകയറ്റം തടയുന്നതിനായി സിവിൽ സപ്ളൈസ് കോർപ്പറേഷൻ സൂപ്പർ ബസാറുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കിലോഗ്രാമിന് 8.50 രൂപയ്ക്ക് നെല്ല് സംഭരിക്കാൻ ഈ

ഗവണ്മെന്റ് എടുത്ത തീരുമാനം സ്വാഗതാർഹമാണ്. സംഭരണവില അഡ്വാൻസായി കൃഷിക്കാർക്ക് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. റേഷൻ സാധനങ്ങൾ യഥാർത്ഥ ഉപഭോക്താക്കൾക്കുതന്നെ ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ വിജിലൻസ് സംവിധാനം ഏർപ്പെടുത്തണം. റേഷൻ കാർഡ് പുതുക്കുന്നതിന്റെ ഭാഗമായി ഫോട്ടോ എടുക്കുന്നതിനുള്ള സമയം നീട്ടിക്കൊടുക്കണം. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തി ജനക്ഷേമകരമായ പ്രവർത്തന ങ്ങളുമായി മുന്നോട്ടുപോകുന്ന ഈ ഗവണ്മെന്റിന്റെ നടപടിയെ അഭിനന്ദിക്കുന്നു.

**ശ്രീ. രാജാജി മാത്യു തോമസ്**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താനും കാര്യക്ഷമമാക്കാനുമുള്ള തീവ്രശ്രമം ഈ ഗവണ്മെന്റ് നടത്തിയിട്ടുണ്ട്. കഴിഞ്ഞ കാലത്ത് അഴിമതിയുടെ കൂത്തരങ്ങായി നിലകൊണ്ടിരുന്ന പൊതുവിതരണ ശൃംഖലയെ സാധാരണ ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന സംവിധാനമാക്കി മാറ്റി. കഴിഞ്ഞ ഓണക്കാലത്ത് ദരിദ്ര കുടുംബങ്ങൾക്ക് ഓണക്കിറ്റുകൾ വിതരണം ചെയ്തു. പ്രതിസന്ധിയിലായ തോട്ടം മേഖലയിലെ തൊഴിലാളികൾക്കും പകർച്ചപ്പനി ബാധിച്ച പ്രദേശങ്ങളിലെ ജനങ്ങൾക്കും സിവിൽ സപ്ളൈസ് കോർപ്പറേഷൻ മുഖേന ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യാനുള്ള തീരുമാനം സ്വാഗതാർഹമാണ് ഉൽപ്പാദനകേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് സാധനങ്ങൾ വാങ്ങി ഗോഡൗണുകളിൽ സൂക്ഷിച്ച് ഭക്ഷ്യവിപണിയും ചില്ലറ വ്യാപാര മേഖലയും കയ്യടക്കി കൊള്ളലാഭം നേടാൻ ബഹുരാഷ്ട കുത്തകകൾ നടത്തുന്ന ശ്രമങ്ങളെ നേരിടുന്നതിനുള്ള നടപടി സ്വീകരിക്കണം. ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്ന് ഉൽപ്പന്നങ്ങൾ നേരിട്ട് വാങ്ങി സംഭരിക്കാൻ സിവിൽ സപ്ളൈസ് കോർപ്പറേഷന് ആവശ്യമായ സംവിധാനമൊരുക്കണം.

പച്ചക്കറികൾ സൂക്ഷിക്കുന്നതിനുള്ള ശീതീകരണികൾ നിർമ്മിക്കണം. ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ ജനങ്ങൾക്ക് ലഭ്യമാക്കാനും മായം ചേർക്കലിനെതിരെ നടപടികൾ സ്വീകരിക്കാനും പ്രത്യേക സംവിധാനങ്ങൾ ആരംഭിക്കണം. കേരളത്തിന്റെ ഗ്രാമീണ സമ്പദ്ഘടനയിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്ന മൃഗസംരക്ഷണ മേഖലയെ പരിപോഷിപ്പിക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന തനതു പദ്ധതികളും സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായൊരു കാർഷിക സംരക്ഷണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കണം. ക്ഷീരവ്യവസായ മേഖലയെ പരിപോഷിപ്പിക്കുന്നതിനും ക്ഷീരകർഷകരുടെ സാമൂഹ്യസുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി ക്ഷീരകർഷക ക്ഷേമനിധി ബിൽ പാസ്സാക്കിയ നടപടി അഭിനന്ദനീയമാണ്. ക്ഷീര മേഖലയിൽ ശാസ്ത്ര-സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കണം. കോലാഹലമേട്ടിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഡയറി സയൻസ് ആന്റ് ടെക്നോളജി കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കാവശ്യമായ ഫണ്ട് അനുവദിക്കണം.

<u>**ശ്രീ. പി.ജെ. ജോസഫ്**</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇൻഡ്യയിൽ ഭക്ഷ്യമേഖല ദുർബ്ബലപ്പെട്ടുകൊണ്ടിരിക്കുന്നു. കൃഷിക്കും അനുബന്ധമേഖലകൾക്കും നീക്കിവയ്ക്കുന്ന തുകയിൽ ഉണ്ടായ കുറവാണ് ഭക്ഷ്യമേഖലയുടെ തകർച്ചയ്ക്ക് കാരണം. ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാനുള്ള തീവ്രയത്ന പരിപാടികൾ ആരംഭിച്ചില്ലെങ്കിൽ വൻതോതിലുള്ള ഭക്ഷ്യ ഇറക്കുമതി ആവശ്യമായി വരും. നിലവിലുള്ള കേന്ദ്ര ബി.പി.എൽ. നോംസിൽ മാറ്റം വരുത്തുന്നതിനും ഭക്ഷ്യ സബ്സിഡി ലഭ്യമാക്കുന്നതിനും സംസ്ഥാന ഗവൺമെന്റിന്റെ അടിയന്തിര ഇടപെടലുണ്ടാകണം. ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കണം. നെൽക്കൃഷിയുടെ

സ്ഥാനത്ത് ഭക്ഷ്യധാന്യങ്ങൾ തന്നെ കൃഷി ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തണം. മിൽക്ക്ഷെഡ് പ്രോഗ്രാമിന് ഉടൻതന്നെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകണം. പദ്ധതികൾക്ക് വർഷാവസാനം ചെലവുചെയ്യുന്ന സമ്പ്രദായം അവസാനിപ്പിക്കണം. ബുൾ സെലക്ഷനിലും ബ്രീഡിംഗ് പോളിസിയിലും മാറ്റം വരുത്തി പാലുല്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. അന്യസംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരമുള്ള പശുക്കളേയും എരുമകളേയും കൊണ്ടുവന്ന് ക്രോസ് ബ്രീഡ് നടത്തി പാലുല്പാദനം വർദ്ധിപ്പിക്കണം. മൃഗസംരക്ഷണ വകുപ്പിന്റെയും ഡയറി വകുപ്പിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തണം.

**ശ്രീ. ജോസ് തെറ്റയിൽ**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മൃഗസംരക്ഷണവും പാലുല്പാദനവും കർഷകരുടെ സംസ്ക്കാരത്തിന്റെ ഭാഗമായി മാറിയിരിക്കുന്ന കേരളത്തിൽ രാജ്യത്തെ മൊത്തം കന്നുകാലി സമ്പത്തിന്റെ 1.75% മാത്രമാണുള്ളത്. കാലിത്തീറ്റയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും വില വർദ്ധനവ് പിൻവലിക്കുകയും ചെയ്യണം. ഉല്പാദനക്ഷമതയുള്ള സങ്കരയിനം കന്നുകാലികളെ കേരളത്തിൽത്തന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള ശ്രമമുണ്ടാകണം. മിൽമയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ക്ഷീരകർഷകർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തിയത് സ്വാഗതാർഹമാണ്. പി.ഡി.ഡി.പി. (പീപ്പിൾസ് ഡയറി ഡെവലപ്മെന്റ് പ്രോജക്ട്)-യിലെ കർഷകരെക്കൂടി ഈ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തണം. കേരളത്തിലെ പൊതുവിതരണ രംഗം കാര്യക്ഷമമാക്കണം. ഉപഭോക്തൃ സംരക്ഷണ ഫോറങ്ങളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കണം. ഓണക്കാലത്തിനുമുമ്പ് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം. നെല്ല് സംഭരണത്തിന് സഹകരണ സംഘങ്ങളെക്കൂടി ഏർപ്പെടുത്തണം.

**<u>ശ്രീ. തോമസ് ചാണ്ടി</u>**: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റ് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വിലക്കയറ്റം നിയന്ത്രിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ എന്തു നടപടി സ്വീകരിച്ചുവെന്ന് ഒരു ആത്മപരിശോധന നടത്തണം. ഭക്ഷ്യ സബ്സിഡി കൊടുത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ അടിയന്തിര നടപടിയുണ്ടാകണം. മത്സ്യ-മാംസാദികളുടെ വിലക്കയറ്റവും കുത്തക കമ്പനികളുടെ കടന്നുകയറ്റവും നിയന്ത്രണ വിധേയമാക്കണം. താറാവ് കൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനും കൃഷിനാശം സംഭവിച്ചവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുൻകൈ എടുത്ത് സംസ്ഥാനത്ത് കൂടുതൽ റൈസ് മില്ലുകൾ സ്ഥാപിച്ച് റേഷൻ കടകൾക്കാവശ്യമായ അരി ലഭ്യമാക്കാനും തവിടുകൊണ്ടുള്ള കാലിത്തീറ്റ യുണ്ടാക്കാനും നടപടി സ്വീകരിക്കണം. സംഭരിച്ച നെല്ലിന്റെ വില ഒരാഴ്ച യ്ക്കുള്ളിൽ കർഷകന് ലഭ്യമാക്കുന്നതിനും കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുമുള്ള നടപടിയുണ്ടാകണം.

**<u>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്</u>**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പകർച്ചപ്പനി നിയന്ത്രിക്കുന്നതിന് ശാശ്വത പരിഹാരം കണ്ടെത്താൻ എല്ലാവരുടേയും സഹകരണമുണ്ടാകണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് കർശനമായി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗ്ലോബലൈസേഷന്റെ

ഫലമായിട്ടാണ് ഇന്ത്യയിൽ ഭക്ഷ്യോൽപ്പാദനവും ധാന്യശേഖരണവും അവതാളത്തിലായതെന്ന കാര്യം നിഷേധിക്കാനാവില്ല. 20 ലക്ഷം ടൺ ബഫർസ്റ്റോക്ക് ഭക്ഷ്യധാന്യങ്ങൾ ഇവിടെ സ്റ്റോക്ക് ചെയ്തില്ലെങ്കിൽ ദാരിദ്ര്യമുണ്ടാകും. ലാഭമുണ്ടാക്കുകയാണ് സ്വകാര്യ മൂലധനത്തിന്റെ ലക്ഷ്യം. ജനപക്ഷത്തു നിൽക്കുന്ന ഒരു ഗവൺമെന്റാണ് ഇന്നു കേരളം ഭരിക്കുന്നത്. പുതിയതായി 50 മാവേലി സ്റ്റോറുകളും 20 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചതിലൂടെ സപ്ളൈകോയിൽ നടമാടിയിരുന്ന അഴിമതി അവസാനിപ്പിക്കാൻ കഴിഞ്ഞു. അരി, ഗോതമ്പ് തുടങ്ങിയ ഭക്ഷ്യധാന്യങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചപ്പോൾ കൂടുതൽ വിലയ്ക്ക് വിദേശരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത് വിലക്കയറ്റം പിടിച്ചു നിറുത്താൻ സാധിച്ചു. വില വർദ്ധനവ് മൊത്തം വില സൂചികയിൽ പ്രതിഫലിക്കുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഒരു വർഷത്തിൽ കുറഞ്ഞത് 100 ദിവസം ജോലി എന്ന ലക്ഷ്യം കൈവരിക്കാൻവേണ്ടി യു.പി.എ. ഗവൺമെന്റ് ആവിഷ്ക്കരിച്ച തൊഴിലുറപ്പ് പരിപാടി ഇടുതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സ്വാധീനഫലമായി കേരളത്തിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ സാധിച്ചു എന്നത് സ്വാഗതാർഹമായ നേട്ടമാണ്. പ്രത്യക്ഷ നികുതി ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണം. .

<u>**ശ്രീമതി കെ.എസ്. സലീഖ:**</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് തുടർന്നുവന്നിരുന്ന ഭക്ഷ്യനയങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു നയം സ്വീകരിച്ചുകൊണ്ട് കേരളത്തിലെ ഭക്ഷ്യവിതരണ മേഖല കൂടുതൽ ശക്തിപ്പെടുത്താനും പൊതുവിതരണ സംപ്രദായം

മെച്ചപ്പെടുത്താനും ഈ ഗവൺമെന്റിന് കഴിഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും ഭക്ഷ്യനയം കേരളത്തിന്റെ ഭക്ഷ്യ വിതരണ മേഖലയാകെ താറുമാറാക്കുകയും ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകവഴി ആളുകൾ റേഷൻ കടകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങാതാവുകയും ചെയ്ത സാഹചര്യത്തിൽ നിന്നും വ്യത്യസ്തമായി എഫ്.സി.ഐ.ക്ക് ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം നൽകിക്കൊണ്ട് റേഷനിംഗ് സംമ്പ്രദായം വിപുലപ്പെടുത്താൻ കഴിഞ്ഞു. എ.പി.എൽ വിഭാഗത്തിൽപ്പെട്ട 75 ശതമാനത്തോളം ആളുകൾ ഇന്ന് റേഷൻകടകളെ ആശ്രയിക്കുന്ന സാഹചര്യമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞതിൽ ബഹുമാനപ്പെട്ട മന്ത്രി അഭിനന്ദനം അർഹിക്കുന്നു. പൊതുവിതരണ സംപ്രദായത്തിന്റെ പ്രാധാന്യവും പ്രസക്തിയും വർദ്ധിപ്പിക്കാനും കരിഞ്ചന്തക്കാരെയും മാഫിയകളെയും അമർച്ച ചെയ്യാനും അവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കാനും കഴിഞ്ഞു. മണ്ണെണ്ണയുടെ ഇറക്കുമതിയിലുണ്ടായിട്ടുള്ള വെട്ടിക്കുറവ് പുന:സ്ഥാപിക്കാനും ബി.പി.എൽ.ന്റെ എണ്ണത്തിൽ വെട്ടിക്കുറവ് വരുത്തിയ നിലപാട് തിരുത്തിക്കാനും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിറുത്താൻ, കമ്പോള വിലയേക്കാൾ 24 ശതമാനം വില കുറച്ച് ഗുണഭോക്താക്കൾക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാൻ സിവിൽ സപ്ളൈസ് കോർപ്പറേഷൻ നടത്തിയ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ഓണം. ക്രിസ്തുമസ്സ്. ദീപാവലി, ഈസ്റ്റർ തുടങ്ങിയ

വിശേഷാവസരങ്ങളിൽ സപ്ളൈകോയുടെ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങുന്നവർക്ക് ഈ വർഷം മുതൽ 2 ശതമാനം വിലക്കിഴിവ് നൽകാൻ തീരുമാനിച്ചതും സപ്ളൈകോയിൽ നടന്ന അഴിമതി അന്വേഷിക്കാൻ സി.ബി.ഐ.യെ ഏൽപ്പിച്ചതും സ്വാഗതാർഹമാണ്. ആറ് മാസക്കാലമായി നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ മാറ്റമുണ്ടാകാതെ പിടിച്ചുനിറുത്താൻ സപ്ളൈകോയ്ക്കു കഴിഞ്ഞു എന്നത് അഭിനന്ദനാർഹമാണ്. ജില്ലാ മാവേലി സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മാവേലി സ്റ്റോറുകൾ വഴിയുള്ള ഡോർ ഡെലിവറി സംവിധാനം ശക്തിപ്പെടുത്തണം. ഒരു ഗ്രാമപഞ്ചായത്തിന് ഒരു മെഡിക്കൽ സ്റ്റോർ എന്ന ആശയത്തിനു രൂപം കൊടുക്കണം. കരിഞ്ചന്തക്കാരേയും പൂഴ്ത്തിവയ്പ്പുകാരേയും കണ്ടുപിടിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുംവേണ്ടി ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്തണം. നെല്ല് സംഭരിച്ച് നെൽക്കൃഷിക്കാരെ സഹായിക്കാൻ വേണ്ടി സർക്കാർ തലത്തിലും സഹകരണാടിസ്ഥാനത്തിലും മില്ലുകൾ തുറന്നുകൊണ്ട് റേഷൻകടകളി ലൂടെയും സപ്ളൈകോയിലൂടെയും കുറഞ്ഞ വിലയ്ക്ക് അരി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. പശുഗ്രാമം പദ്ധതിയും വിദർഭ പദ്ധതിയും നടപ്പിലാക്കി മൃഗസംരക്ഷണ മേഖലയേയും ക്ഷീരവികസന മേഖലയേയും സംരക്ഷിക്കണം. കർഷക ക്ഷേമനിധി ബിൽ പാസ്സാക്കാൻ കഴിഞ്ഞതിൽ ഗവൺമെന്റ് അഭിനന്ദനം അർഹിക്കുന്നു. ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീരവ്യവസായം എന്നീ രംഗങ്ങളിൽ

അഭിനന്ദനാർഹങ്ങളായ നേട്ടങ്ങൾ കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി.സി. ജോർജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭക്ഷ്യോല്പന്നത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിച്ചില്ലെങ്കിലും പൊതുവിതരണശൃംഖല ശക്തിപ്പെടുത്തി വിലനിലവാരം പിടിച്ചുനിർത്താൻ കഴിഞ്ഞു എന്നത് എടുത്തു പറയത്തക്ക നേട്ടമാണ്. ഭക്ഷ്യ വകുപ്പിന്റെ മുന്നോട്ടുള്ള പ്രവർത്തനം വളരെ അഭിനന്ദനാർഹമാണ്. പൊതു വിതരണ രംഗത്തെ സ്വകാര്യ ഹോൾസെയിൽ വ്യാപാര സ്ഥാപനങ്ങളെയും ഗ്യാസ് ഏജൻസികളെയും ഗവൺമെന്റ് ഏറ്റെടുക്കണം. ഗ്രാമ പഞ്ചായത്തു കൾക്ക് നിർദ്ദേശം കൊടുത്തുകൊണ്ട് കേരളത്തിൽ മൾട്ടി നാഷണൽ കമ്പ നികളെ പ്രവർത്തിക്കാൻ അനുവദിക്കാത്ത തരത്തിലുള്ള നടപടി സ്വീകരിക്ക ണം.

ശ്രീ. പി.കെ. അബ്ദുറബ്ബ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിലക്കയറ്റംകൊണ്ട് ജനങ്ങൾ വളരെ ബുദ്ധിമുട്ടുകയാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നിത്യോപയോഗ സാധനങ്ങളുടെ വില ഇരട്ടിയായി വർദ്ധിച്ചു. വിലക്കയറ്റം തടയാൻ നടപടി സ്വീകരിക്കണം. സപ്ളൈകോ വഴി വിതരണം ചെയ്യുന്ന 13 ഇനങ്ങളുടെ വില വർദ്ധിപ്പിക്കാൻ പോകുന്നുവെന്ന വാർത്ത വിലക്കയറ്റമുണ്ടാക്കാൻ ഇടവരുത്തി. ഹോട്ടൽ ഉടമകളുമായി നടത്തിയ ചർച്ചയ്ക്കുശേഷം അഞ്ച് ശതമാനം വില കുറയ്ക്കുമെന്ന പ്രഖ്യാപനം വന്നെങ്കിലും അതിന്റെ പ്രയോജനം ജനങ്ങൾക്ക് കിട്ടിയില്ല. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ കൺസ്യൂമർ ഫെഡ്ഡിന്റെ നേതൃത്വത്തിൽ ആരംഭിച്ച സഹകരണ വിപണനം കേരളീയം

നിർത്തലാക്കി. പച്ചക്കറികളുടെ വില ക്രമാതീതമായി വർദ്ധിച്ചു. മൊബൈൽ മാവേലി സ്റ്റോറുകൾ തുടങ്ങുമെന്നുള്ള പ്രഖ്യാപനം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലകളിൽ കുത്തക മുതലാളിമാർ കടന്നുവരാതിരിക്കാൻ സപ്ളൈകോയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. പീപ്പിൾസ് ബസാർ എല്ലാ ജില്ലകളിലും ആരംഭിക്കണം. തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഹൈപ്പർ സ്റ്റോറുകൾ തുടങ്ങുന്നതിനും ശബരി സ്റ്റോറുകൾ കൂടുതൽ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. സിവിൽ സപ്ളൈസ് കോർപ്പറേഷൻ വഴി സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകണം. റേഷൻ വ്യാപാരികൾക്കുള്ള കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കണം. മോശമായ ഗോതമ്പിന് പകരം നല്ല ഗോതമ്പ് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. റേഷൻ കടകളിൽ പഞ്ചസാരയുടേയും മണ്ണെണ്ണയുടേയും ക്വാട്ട വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. റേഷൻ കടകളിലൂടെ കൂടുതൽ പച്ചരി വിതരണം ചെയ്യണം. അന്നപൂർണ്ണ പദ്ധതി പുന:സ്ഥാപിക്കണം. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ബി.പി.എൽ. മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. എഫ്.സി.ഐ. ഗോഡൗണുകൾ അടച്ചുപൂട്ടുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. പാചക വാതക സിലിണ്ടറുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. ക്ഷീര വ്യവസായ മേഖലയിൽ പ്രഖ്യാപിക്കപ്പെടുന്ന പല പദ്ധതികളും വേണ്ട വിധത്തിൽ നടപ്പിലാക്കുന്നില്ല. സർക്കാർ ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ ആനുകൂല്യം ക്ഷീര കർഷകർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനമുണ്ടാക്കണം. പാലുൽപ്പാദനം

വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഗുണമേന്മയുള്ള പശുക്കളെ ലഭ്യമാക്കാനും കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്താനും പെൻഷൻ പദ്ധതിയിലെ അപാകതകൾ പരിഹരിക്കാനും മിൽമാ പാലിന്റെ വില വർദ്ധനവിനനുസരിച്ച് ക്ഷീര കർഷകർക്ക് കൂടുതൽ വില കൊടുക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. വിദർഭ പാക്കേജ് മാതൃകയിലുള്ള പദ്ധതി മലപ്പുറത്ത് ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ക്ഷീര വികസന വകുപ്പിന്റെ മഞ്ചേരി ഓഫീസ് അരീക്കോട് ബ്ളോക്ക് പഞ്ചായത്ത് സൗജന്യമായി നൽകിയ സ്ഥലത്തേയ്ക്ക് മാറ്റണമെന്നുള്ള ഉത്തരവ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. മഞ്ചേരി നിയോജകമണ്ഡലത്തിലെ മുതുവല്ലൂരിൽ ഒരു മൃഗാശുപത്രി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

**ശ്രീ. കെ.ടി. ജലീൽ**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിതരണ രംഗത്ത് വളരെ സുശക്തമായ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. സ്വദേശ വിദേശ കുത്തകകളുടെ കടന്നു കയറ്റം അവസാനിപ്പിക്കണം.. ഭക്ഷ്യധാന്യങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നത് തടയാൻ സപ്ളൈകോ വഴി ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷകരിൽ നിന്നും നെല്ല് സംഭരിക്കാനുള്ള നടപടി സപ്ളൈകോ ആരംഭിച്ചത് സ്വാഗതാർഹമാണ്. കേരളത്തിൽ ഒരു വെറ്ററിനറി യൂണിവേഴ്സിറ്റി ആരംഭിക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. ഗ്രാമീണ മേഖലകളിലെ മുഴുവൻ റേഷൻ ഷോപ്പുകളും ശബരി സ്റ്റോറുകളാക്കി മാറ്റാൻ നടപടി സ്വീകരിക്കണം. പുതിയ കാർഡുടമകൾക്ക് ഫോട്ടോ എടുക്കേണ്ട സമയപരിധി ആഗസ്റ്റ് മാസം 31 എന്നത് ദീർഘിപ്പിക്കാൻ നടപടി

സ്വീകരിക്കണം. മുനിസിപ്പാലിറ്റികളിൽ എ.പി.എൽ/ബി.പി.എൽ സർവ്വേ അടിയന്തിരമായി ആരംഭിക്കണം. റേഷനിംഗ് ഇൻസ്പെക്ടർമാരുടെ ഒഴിവ് അടിയന്തിരമായി നികത്തണം. ആദിവാസി മേഖലകളിൽ വിതരണം ചെയ്യുന്ന സൗജന്യ റേഷന്റെ കാലാവധി ആഗസ്റ്റ് 31 വരെ നീട്ടണം.

**ശ്രീ. ടി.എൻ. പ്രതാപൻ:** ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധിച്ചിരിക്കുന്നു. കേന്ദ്ര സർക്കാരിൽ നിന്ന് കിട്ടിയ പണംപോലും ചെലവഴിക്കാത്ത സ്ഥിതിയാണുള്ളത്. വിദേശത്തും നാട്ടിലുമുള്ള കുത്തക സ്ഥാപനങ്ങൾക്ക് ഭക്ഷ്യമേഖലയിൽ ഇടപെടാനുള്ള ലൈസൻസ് കൊടുത്തത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളാണ്. ഇത്തരം കുത്തക സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കാതിരിക്കാനും അവയുടെ ലൈസൻസ് റദ്ദാക്കാനും സിവിൽ സപ്ലൈസ് വകുപ്പ് നടപടി സ്വീകരിക്കണം.

**ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി:** ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ ഭക്ഷ്യോൽപ്പാദനം കേന്ദ്രനയത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാതെ ഒരു രാജ്യത്തിനും ക്ഷേമരാഷ്ട്രമെന്ന് അവകാശപ്പെടാൻ സാധിക്കില്ല. മറ്റ് രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിലെ പ്രതിശീർഷ ആളോഹരി ഭക്ഷ്യധാന്യം വളരെ കുറവാണ്; കാർഷിക മേഖലയും വളരെ പിന്നിലാണ്. കഴിഞ്ഞ വർഷം ഇന്ത്യാ രാജ്യത്ത് 161 ലക്ഷം ടൺ ഭക്ഷ്യധാന്യം സംഭരിക്കാൻ തീരുമാനിച്ചെങ്കിലും സംഭരി ച്ചത് വെറും 92 ലക്ഷം ടണ്ണാണ്. അന്ത്യോദയ പദ്ധതിയുടെ കീഴിലുള്ള രണ്ട രക്കോടി കുടുംബങ്ങൾക്ക് ആവശ്യമായ ഭക്ഷ്യധാന്യംപോലും സംഭരിക്കാതെ 55 ലക്ഷം ടൺ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുകയാണ്

ചെയ്തത്. കാർഷിക മേഖലയെ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച എം. എസ്. സ്വാമിനാഥൻ കമ്മിഷൻ അഞ്ച് റിപ്പോർട്ടുകൾ സമർപ്പിച്ചുവെങ്കിലും അതിൽ ഒന്നുപോലും പരിഗണിക്കാനോ നടപ്പിലാക്കാനോ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാധിച്ചിട്ടില്ല. കാർഷിക മേഖലയെ രക്ഷപ്പെടുത്തി എങ്ങനെ മുന്നോട്ടുപോകാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് സർക്കാർ പരിശോധിക്കണം. ഭക്ഷ്യോൽപ്പാദനത്തിൽ കേരളം പിന്നിലായതുകൊണ്ട് കേന്ദ്ര സർക്കാരിനെയും അന്യസംസ്ഥാനങ്ങളെയുമാണ് ആശ്രയിച്ചുവരുന്നത്. 1970-ൽ 70 ശതമാനം ഭക്ഷ്യോൽപ്പാദനം നടത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ ഇന്ന് അത് 12.5 ശതമാനമായി കുറഞ്ഞിരിക്കുന്നു. 10 ദശലക്ഷം ഹെക്ടർ കൃഷി ഭൂമിയാണ് അന്നുണ്ടായിരുന്നതെങ്കിൽ ഇന്ന് അത് 3 ദശലക്ഷം ഹെക്ടറായി കുറഞ്ഞിട്ടുണ്ട്. ഇത് സംസ്ഥാനത്തെ അപകടകരമായ സ്ഥിതിയിലേയ്ക്കാണ് നയിച്ചുകൊണ്ടിരിക്കുന്നത്. ഈ രംഗത്ത് ശക്തമായ നടപടികളുണ്ടാകണം. കുന്നുകളും മലകളും ഇടിച്ചു നിരത്തുകയും കായലുകളും കുളങ്ങളും നികത്തുകയും ചെയ്യുന്ന പ്രവണതയെ നിശ്ചയദാർഢ്യത്തോടുകൂടി നേരിടുകയും രാഷ്ട്രീയം നോക്കാതെ നിരുത്സാഹപ്പെടുത്തുകയും ചെയ്യണം. വീട് വയ്ക്കുന്നതിനല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി നിലങ്ങൾ നികത്തുന്നത് അവസാനിപ്പിക്കണം. തദ്ദേശ ഭരണസ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിൽ നിന്നും ഒരു നിശ്ചിത ശതമാനം ക്ഷീര-മൃഗ സംരക്ഷണ മേഖലയ്ക്ക് വേണ്ടി മാറ്റിവയ്ക്കാൻ വേണ്ട നടപടികൾ ക്രമീകരിക്കണം. സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണത്തിനും പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. പഞ്ചായത്തുകളിലെ

മൃഗാശുപത്രികൾക്ക് മരുന്ന് വാങ്ങി സൂക്ഷിക്കുവാൻ സഹായകരമായ നിലയിൽ സ്റ്റോർ പർച്ചേസ് നിയമത്തിൽ ഭേദഗതി വരുത്തണം. കന്നുകാലി വികസന കോർപ്പറേഷൻ രൂപീകരിക്കണം.

**ശ്രീ. തോമസ് ഉണ്ണിയാടൻ:** ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ സ്നേഹിക്കുന്ന ഒട്ടുമിക്ക ആളുകളും ഈ സർക്കാരിന്റെ നയത്തിനെതിരായി ചിന്തിച്ചുകൊണ്ടിരിക്കുന്ന സന്ദർഭമാണിത്. നിത്യോപയോഗസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കുടുംബ ബഡ്ജറ്റ് തകർന്ന് ജനങ്ങൾക്ക് ജീവിക്കാൻ പറ്റാത്ത അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തിയിട്ടും ഒരു നടപടിയും സ്വീകരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. വില വർദ്ധനവ്. പിടിച്ചുനിറുത്താൻ നടപടി സ്വീകരിക്കണം. വില വർദ്ധനവിനനുസരിച്ച് ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരം ഉയർന്നിട്ടില്ല. വിഷാംശം കലർന്ന പാൽ, പച്ചക്കറി, പഴവർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണകൾ, അരി തുടങ്ങിയ ഭക്ഷ്യസാധനങ്ങളാണ് പൊതുകമ്പോളങ്ങളിൽ വിൽക്കപ്പെടുന്നത്. അവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താനാകാതെ കുത്തകസ്ഥാപനങ്ങളെയും വിദേശ നിക്ഷേപങ്ങളെയും കുറ്റപ്പെടുത്തി ഉത്തരവാദിത്വത്തിൽ നിന്നും സർക്കാർ ഒഴിഞ്ഞുമാറുകയാണ്. അഴിമതി ഇല്ലാതാക്കി പൊതുവിതരണ രംഗം കാര്യക്ഷമമാക്കണം.

**ശ്രീ. എൻ. അനിരുദ്ധൻ:** ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അനന്തസാദ്ധ്യതകളുള്ള ക്ഷീരവ്യവസായ മേഖലയെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ ക്ഷീരസംഘങ്ങൾക്ക് രൂപം നൽകണം. ഗോസുരക്ഷാ പദ്ധതി വ്യാപകമാക്കണം. വീട്ടുവളപ്പിലെ കോഴിക്കൃഷി പരിപോഷിപ്പിക്കണം. സംസ്ഥാനത്തിനാവശ്യമായ കാലിത്തീറ്റ സ്വന്തമായി

ഉൽപ്പാദിപ്പിക്കണം. സാധാരണക്കാരായ കർഷർക്ക് ലൈവ്സ്റ്റോക്കിനെക്കുറിച്ച് അവബോധം നൽകുന്ന കാര്യത്തിൽ മൃഗസംരക്ഷണ വകുപ്പ് സ്തുത്യർഹമായ പങ്കാണ് വഹിക്കുന്നത്. കൊട്ടിയത്ത് പ്രവർത്തിക്കുന്ന എൽ.എം.ടി.സി.-യുടെ വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണം. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സുസ്ഥിരവും ഭദ്രവുമായ പൊതുവിതരണ സമ്പ്രദായം നടപ്പാക്കുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സിവിൽ സപ്ളൈസ് വകുപ്പിലെ അഴിമതി അന്വേഷണ വിധേയമാക്കിയതു വഴി പൊതുവിതരണ മേഖലയിലെ ഉദ്യോഗസ്ഥ അഴിമതി ഇല്ലാതാക്കാൻ സാധിച്ചു. സംസ്ഥാനത്തെ റേഷൻ ഷോപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കണം. കേന്ദ്ര സർക്കാർ വെട്ടിക്കുറച്ച റേഷൻ സാധനങ്ങൾ പുന:സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തണം. മൾട്ടി നാഷണൽ കമ്പനികളുടെ പിടിയിൽ നിന്ന് ചെറുകിട കച്ചവടക്കാരെ രക്ഷപ്പെടുത്താൻ സർക്കാരിന് സാധിച്ചു.

<u>ശ്രീ. രാജു എബ്രഹാം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്ഷീര കർഷകരുടെ പെൻഷനുള്ള കാലയളവ് 5 വർഷമായി കുറച്ച നടപടിക്ക് മുൻകാല പ്രാബല്യം നൽകണം. പശുഗ്രാമം പദ്ധതിയിലൂടെ ധാരാളം കുടുംബങ്ങൾ രക്ഷപ്പെട്ടു. കോഴി വളർത്തൽ പദ്ധതിയുടെ ഭാഗമായി കോഴിക്കൂടുകൾ വിതരണം ചെയ്യുന്നതിലുള്ള ആക്ഷേപം പരിഹരിക്കണം. അന്യസംസ്ഥാനങ്ങളിൽനിന്നുള്ള പാൽ ഇറക്കുമതി അവസാനിപ്പിക്കണം. വയനാട്ടിലെ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കുള്ള ധനസഹായം വർദ്ധിപ്പിക്കണം. കിലോഗ്രാമിന് 8.50 രൂപ നിരക്കിൽ 116 കോടി രൂപയുടെ നെല്ല് സംഭരിച്ചത് നെൽകർഷകർക്ക് ആശ്വാസകരമാണ്. റേഷൻ കാർഡുകളിൽ പേജുകളുടെ എണ്ണം വർദ്ധിപ്പിക്കണം. പകർച്ചപ്പനിയും

ചിക്കുൻഗുനിയയും ബാധിച്ചവർക്ക് സൗജന്യ റേഷൻ നൽകി. സ്കൂൾ കുട്ടികൾക്ക് അഞ്ച് കിലോ അരി വീതം സൗജന്യമായി നൽകി. പൊതുവിതരണരംഗത്തെ അരിയുടെ മൊത്തക്കച്ചവടം സർക്കാർ ഏറ്റെടുക്കണം. ഈ രംഗത്ത് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് സ്വീകരിച്ചിരിക്കുന്ന നയം പ്രതിഷേധാർഹമാണ്. നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ ഈ ഗവൺമെന്റിന് സാധിച്ചു. കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കണം. പൊതുവിതരണ രംഗം കൂടുതൽ ശക്തിപ്പെടുത്തണം. ഈ ഗവൺമെന്റ് അഴിമതി നടത്തിയവർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിച്ചു. പ്രതിപക്ഷത്തിന് അഴിമതിയെക്കുറിച്ച് പറയാനുള്ള ധാർമ്മികാവകാശമില്ല. ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. മുന്നോട്ടുപോവുകയാണ്.

**<u>ശ്രീ. അടൂർ പ്രകാശ്</u>**: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽപ്പെട്ടവരുടെ പേരിൽ ഉന്നയിക്കപ്പെട്ട കോടിക്കണക്കിന് രൂപയുടെ അഴിമതി ആരോപണങ്ങൾക്കെതിരെ പുകമറ സൃഷ്ടിക്കാനാണ് കെ. പി. സി. സി. പ്രസിഡന്റിന്റെ പേരിൽ മറ്റൊരാരോപണം ഇവിടെ ഉന്നയിക്കുന്നത്. സി.ആന്റ്.എ.ജി.യുടെയും ഇന്റേണൽ വിജിലൻസിന്റെയും ജുഡീഷ്യൽ കമ്മീഷന്റെയും റിപ്പോർട്ടുകൾ പ്രകാരം കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തിയ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എം.ഡി.യുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കണം. സിവിൽ സപ്ളൈസ് കോർപ്പറേഷനിലെ കൊള്ള അവസാനിപ്പിക്കാനും നല്ല നിലയിലേയ്ക്ക് കൊണ്ടുപോകാനുമുള്ള

യു.ഡി.എഫ്. ഗവൺമെന്റിന്റെ ശ്രമങ്ങൾക്ക് തുരങ്കം വയ്ക്കാനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

(ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി ആരംഭിക്കുന്നതിന് മുമ്പായി ഇന്ന് രാവിലെ ശ്രീ. പി. ജയരാജൻ സബ്മിഷൻ ഉന്നയിച്ചുകൊണ്ട് നടത്തിയ ചില പരാമർശങ്ങൾ സഭാരേഖയിൽനിന്നും നീക്കംചെയ്യുന്ന കാര്യം പരിശോധിക്കാമെന്ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ റൂളിംഗ് നൽകി എന്നും അങ്ങനെ പരിശോധിക്കാമെന്ന് പറഞ്ഞ കാര്യങ്ങളും പ്രസ്തുത സബ്മിഷനുള്ള ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ മറുപടിയും ടി.വി. ചാനലിലൂടെ വാർത്തയായി പുറത്തുവന്നുവെന്നും ഇക്കാര്യം ചർച്ചചെയ്യാൻ അവസരമുണ്ടാക്കണമെന്നും ഇത് സംബന്ധിച്ച് സ്പീക്കറുടെ റൂളിംഗ് വേണമെന്നുമാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ജി. കാർത്തികേയൻ ക്രമപ്രശ്നമുന്നയിക്കുകയുണ്ടായി. ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിക്കുശേഷം അവസരം നൽകാമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ മറുപടി നൽകിയെങ്കിലും അതിൽ തൃപ്തരാകാതെ പ്രതിപക്ഷം വെല്ലിലേയ്ക്കിറങ്ങി ബഹളം വയ്ക്കുകയും അൽപ്പസമയത്തിനുശേഷം പ്രതിപക്ഷം ഒന്നടങ്കം ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്ക്കരിക്കുകയും ചെയ്തു).

**ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ)**: സിവിൽ സപ്ളൈസ് വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വിലക്കയറ്റത്തെക്കുറിച്ചുമാണ് രൂക്ഷമായ വിമർശനങ്ങൾ വന്നിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നിത്യോപയോഗസാധനങ്ങളുടെ വില മെച്ചമാണ്. ഈ ഗവൺമെന്റ് വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

നിത്യോപയോഗസാധനങ്ങളുടെ വില പത്ത് മാസമായി ഒരേ നിലവാരത്തിലാണ് തുടരുന്നത്. എല്ലാമാസവും ഒന്നാം തീയതി നിത്യോപയോഗസാധനങ്ങളുടെ വില സിവിൽ സപ്ളൈസ് കോർപ്പറേഷൻ പ്രമുഖ പത്രങ്ങളിലൂടെ ജനങ്ങളെ അറിയിക്കുന്നുണ്ട്. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് പ്രസിദ്ധീകരിച്ച വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ മറ്റെല്ലാ സംസ്ഥാനങ്ങളെക്കാളും കുറഞ്ഞ നിരക്കിലാണ് അരി, ഗോതമ്പ്, പഞ്ചസാര എന്നിവ കേരളത്തിൽ വിതരണം ചെയ്യുന്നത്. കഴിഞ്ഞ പത്ത് മാസമായി പച്ചക്കറി ഉൾപ്പെടെയുള്ള എല്ലാ സാധനങ്ങളുടെയും വില ഗണ്യമായി നിയന്ത്രിച്ചിട്ടുണ്ട്. സിവിൽ സപ്ളൈസ് കോർപ്പറേഷൻ പൊതുവിതരണ സമ്പ്രദായത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പാലിൽ മായം ചേർക്കുന്നത് തടയാൻ അനിമൽ ഹസ്ബന്ററി വകുപ്പും ഡെയറി വകുപ്പും സംയുക്തമായ പരിശോധന നടത്തിയതിന്റെ ഫലമായി 26 പാൽ കമ്പനികളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഭക്ഷ്യ സാധനങ്ങളിൽ മായം ചേർക്കുന്നത് തടയുന്നതിന് നിലവിലുള്ള നിയമത്തിന് പുറമേ ഒരു പുതിയ നിയമം കൊണ്ടുവരും. പൊതുവിതരണ സമ്പ്രദായം സംബന്ധിച്ച് വലിയ ആക്ഷേപം ഉണ്ടായിട്ടില്ല. മുഴുവൻ ബി.പി.എൽ.കാരും റേഷൻ കടകളിൽനിന്നും സാധനങ്ങൾ വാങ്ങുന്നുണ്ടെങ്കിലും എ.പി.എൽ.കാരിൽ കുറച്ചുപേർ മാത്രമാണ് വാങ്ങുന്നത്. വൃത്തിഹീനമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്നതും ആളുകൾക്ക് സാധനങ്ങൾ വാങ്ങാൻ സൗകര്യമില്ലാത്തതുമായ റേഷൻ കടകൾ മോഡണൈസ് ചെയ്യാനും റേഷൻ കടകളിൽ അളവുകൾ

തിട്ടപ്പെടുത്തുന്നതിന് ഇലക്ട്രോണിക്സ് യന്ത്രങ്ങൾ ഉപയോഗിക്കാനും കട ഉടമകൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് കേന്ദ്രത്തിന്റെ സഹായം ആവശ്യമാണ്. കേന്ദ്രം വിതരണം ചെയ്യുന്ന അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, പാചകവാതകം എന്നിവ വെട്ടിക്കുറയ്ക്കുന്നത് തടയാൻ ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നുണ്ടെങ്കിലും പൊതുവിതരണ സമ്പ്രദായ നയത്തിൽ മൗലികമായ മാറ്റങ്ങൾ വരുത്താൻ കേന്ദ്ര ഗവൺമെന്റ് തയ്യാറല്ല. കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടൽമൂലം അങ്ങാടിപ്പുറത്തെ എഫ്.സി.ഐ. ഗോഡൗൺ പൂട്ടി. മറ്റ് പല ഗോഡൗണുകളും പൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. എഫ്.സി.ഐ. കേരളത്തിന് വിതരണം ചെയ്യുന്നത് ക്വാളിറ്റി കുറഞ്ഞ അരിയാണെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ നിന്നുള്ള നിവേദക സംഘം ബന്ധപ്പെട്ട കേന്ദ്ര മന്ത്രിയെ സമീപിക്കുകയും അതിന്റെ ഫലമായി അന്ധ്രാ ബോയിൽഡ് റൈസ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ക്വാളിറ്റിയുള്ള അരിയാണ് സൗജന്യ റേഷനായി വിതരണം ചെയ്യുന്നത്. കേരളത്തിൽ വെള്ള ഗോതമ്പാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബഡ്ജറ്റ് പ്രൊവിഷനില്ലാതെ കുലോഗ്രാമിന് 6.20 രൂപയുടെ അരി 3 രൂപയ്ക്ക് കൊടുത്തതുമൂലം 19.20 കോടി രൂപ ഈ ഗവൺമെന്റിന് ചെലവാക്കേണ്ടിവന്നു. 3 രൂപ നിരക്കിൽ 20 ലക്ഷം ബി.പി.എൽ.കാർക്ക് ക്വാളിറ്റിയുള്ള അരി ഇപ്പോഴും വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ദാരിദ്ര്യ രേഖ പട്ടിക തയ്യാറാക്കിയത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര പ്ളാനിംഗ് കമ്മീഷന്റെ സർവ്വേ അനുസരിച്ച് മാത്രമേ ആനുകൂല്യം തരൂവെന്നാണ് കേന്ദ്രം പറയുന്നത്. ബി.പി.എൽ. ലിസ്റ്റിലെ

അപാകത പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. അത് പരിഹരിക്കുമെന്ന് വിശ്വസിക്കുന്നു. ബി.പി.എൽ./ എ.പി.എൽ. ലിസ്റ്റിലെ അപാകത പരിഹരിക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നോംസ് അനുസരിച്ച് മാത്രമേ പുതിയ സർവ്വേ നടത്താൻ കഴിയൂ. രംഗരാജൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് മണ്ണെണ്ണയുടെ അളവ് വെട്ടിക്കുറച്ചത്. മണ്ണെണ്ണ കരിഞ്ചന്തയിൽ വിൽക്കുന്നതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നയംമൂലം സംസ്ഥാനത്തിന് അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവ് കുറഞ്ഞെങ്കിലും മൽസ്യത്തൊഴിലാളികൾക്കും കർഷകർക്കും സംസ്ഥാന ഗവൺമെന്റ് അവരുടെ ക്വാട്ട അനുസരിച്ച് മണ്ണെണ്ണ വിതരണം ചെയ്യുന്നുണ്ട്. എ.പി.എൽ.കാർക്ക് മണ്ണെണ്ണ വിതരണം നിർത്തിവച്ചിട്ടില്ല. എ.പി.എൽ. കാർക്ക് ഒരു കാരണവശാലും മണ്ണെണ്ണ വിതരണം ചെയ്യേണ്ടതില്ലെന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട്. എൽ.പി.ജി.യുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഇടപെട്ടിട്ടുണ്ട്. കമ്പനികളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ് മാസം 31-ന് മുമ്പ് 42000 പാചക വാതക കണക്ഷൻ നൽകുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്. സിലിണ്ടർ വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 14 മാസത്തിനിടയിൽ ഒരു കോടി രൂപയുടെ ഭക്ഷ്യ സാധനങ്ങൾ കരിഞ്ചന്തയിൽനിന്നും പിടിച്ചെടുത്തു. 64 ലക്ഷത്തിൽപ്പരം രൂപ പെനാൽറ്റി ഇനത്തിൽ ലഭിച്ചു. ഏഴ് വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്തു, നിരവധി ആളുകളുടെ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ചോദ്യം

ചെയ്തുകൊണ്ടിരിക്കുന്നു. നിരവധി റീട്ടെയിൽ/ഹോൾ സെയിൽ കടകൾ അടപ്പിച്ചു. സംസ്ഥാന വിജിലൻസ് അഡ്വൈസറി ബോർഡ് രൂപീകരിച്ച് 14 ജില്ലകളിലും അതിന്റെ പ്രവർത്തനം നടക്കുന്നുണ്ട്. ഇതിൽ ജനപ്രതിനിധികൾ അംഗങ്ങളാണ്. ഇൻഡ്യയിൽ കേരളത്തിൽ മാത്രമാണ് പ്രൈവറ്റ് മേഖലയിൽ ഹോൾസെയിൽ കടകൾ പ്രവർത്തിക്കുന്നത്. ഇത് പരിപൂർണ്ണമായി ഗവൺമെന്റിന് ടേക് ഓവർ ചെയ്യാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണ്. എറണാകുളം ജില്ലയിലെ എല്ലാ ഹോൾസെയിൽ കടകളും ഏറ്റെടുക്കുന്നതിനും മറ്റ് ജില്ലകളിൽ അത് ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതിനുമാണ് ആലോചിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ ഈ വകുപ്പിലുണ്ടായ അഴിമതിക്കെതിരെ യു.ഡി.എഫ്. ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുവിതരണ വകുപ്പ് അഴിമതിരഹിതമാക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ കേസ്സുകളും സി.ബി.ഐ.ക്ക് വിടുകയും അവർ കേസന്വേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിപക്ഷാംഗങ്ങൾ സഭയിൽ എടുക്കുന്ന നിലപാടുകളും പ്രസ്താവനകളും സംസ്ഥാനത്തെ ജനങ്ങളുടെ പൊതുതാൽപ്പര്യത്തെ സംരക്ഷിക്കാനുള്ളതല്ല. നടപടിക്രമങ്ങൾ പൂർത്തിയാക്കി സമയബന്ധിതമായി റേഷൻ കാർഡുകൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കും. സ്പലൈകോയുടെ ഔട്ട്ലെറ്റുകൾ ഗണ്യമായി വർദ്ധിപ്പിക്കും. ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി മാർക്കറ്റ് ഇന്റർവെൻഷൻ നടപ്പാക്കും. അതിന്റെ ഭാഗമായി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനായി ഓണം പീപ്പിൾസ് ബസാർ 14 ജില്ലകളിലും ആരംഭിക്കും. ബഹുരാഷ്ട്ര കുത്തകകൾ

കേരളത്തിന്റെ റീട്ടെയിൽ സെക്ടറിലേയ്ക്ക് പ്രവേശിക്കുന്നത് നിയമംമൂലം നിരോധിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കും. 14,000 റേഷൻ ഔട്ട്ലെറ്റുകളും 3,000-ത്തിൽപ്പരം സ്പളൈകോ ഔട്ട്ലെറ്റുകളും സഹകരണമേഖലയിലെ ഔട്ട്ലെറ്റുകളും കൂടി കേന്ദ്രീകരിച്ച് അവയുടെ ബേസിക് ഇൻഫ്രാസ്ട്രക്ച്ചർ മാർക്കറ്റിംഗ് ഉപയോഗിച്ച് റിലയൻസിനെ നേരിടാനുള്ള തയ്യാറെടുപ്പാണ് സപ്ളൈകോ വഴി നടത്തുന്നത്. എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് ഉപയോഗിച്ച് പൂഴ്ത്തിവയ്പ്, കരിഞ്ചന്ത എന്നിവ തടയുന്നതിനും വിലനിലവാരം, ബിൽ ചെക്കിംഗ് എന്നിവ കാര്യക്ഷമമാക്കുന്നതിനുമായി സ്ക്വാഡുകൾ രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷം കൊണ്ട് 390 ലക്ഷം ലിറ്റർ പാലിന്റെയും 20 ലക്ഷം മുട്ടയുടെയും ഉൽപ്പാദനവർദ്ധനവുണ്ടായിട്ടുണ്ട്. കോഴിവളർത്തൽ ഒരു പ്രധാന തൊഴിൽമേഖലയായി കണ്ട് കുടുംബശ്രീയുടെ സഹായത്തോടെ എല്ലാ പഞ്ചായത്തുകളിലും മൂന്ന് ലക്ഷം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. അത് വരും വർഷങ്ങളിൽ കൂട്ടിക്കൊടുക്കുന്നതാണ്. അത്യുൽപ്പാദനശേഷിയുള്ള ബീജം ഇറക്കുമതി ചെയ്യാനായി കേന്ദ്രാനുമതി കിട്ടിയിട്ടുണ്ട്. അത്യുൽപ്പാദനശേഷിയുള്ള കാളകളെ ഇറക്കുമതി ചെയ്യാനായി കേന്ദ്ര ഗവണ്മെന്റിന്റെ അനുവാദം കാത്തിരിക്കുകയാണ്. പശുഗ്രാമം പദ്ധതിയുടെ ഭാഗമായി 4800-ലധികം പശുക്കളെ വിതരണം ചെയ്തുകഴിഞ്ഞു. മിൽക്ക് ഷെഡ് പ്രോഗ്രാമിനായി 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിദർഭ പാക്കേജ് മൂന്ന് ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി 720 കന്നുകാലികളെ

വിതരണം ചെയ്തുകഴിഞ്ഞു. രണ്ട് വർഷക്കാലം കൊണ്ട് കേരളത്തിൽ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടാനാവശ്യമായ നടപടികൾ പൂർത്തിയാക്കുന്നതാണ്. ക്ഷീരകർഷക ക്ഷേമനിധി ബില്ലിൽ കടന്നുകൂടിയിട്ടുള്ള ന്യൂനതകൾ പരിഹരിച്ച് ഫലപ്രദമായി നടപ്പാക്കുന്നതാണ്. കന്നുകാലികളുടെ പ്രജനന നയം ആവിഷ്ക്കരിച്ചു കഴിഞ്ഞു. അത് ഉടൻ തന്നെ പ്രഖ്യാപിക്കുന്നതാണ്. കേരളത്തിൽ ഒരു ഹൈടെക് പൗൾട്രി ഫാം രൂപീകരിക്കുന്നതിനായി പ്ളാനിംഗ് ബോർഡിന്റെ സഹായത്തോടെ ഒരു പ്രോജക്ട് തയ്യാറാക്കി, എൻ.ആർ.ഐ. സഹായത്തോടെ അതിനാവശ്യമായ നിക്ഷേപ സംഗമം നടത്തുന്നതാണ്. മൃഗോൽപ്പന്നങ്ങൾ പരിശോധിച്ച് കയറ്റുമതി ചെയ്യുന്നതിനുള്ള സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനായി മരടിൽ മൂന്ന് കോടി രൂപ മുടക്കി ഒരു ലാബ് ആരംഭിക്കാൻ തീരുമാനിച്ചുകഴിഞ്ഞു. തിരുവനന്തപുരത്തും മലപ്പുറത്തും കേരളാ ഫീഡ്സിന്റെ രണ്ട് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്. 2500 ഹെക്ടർ സ്ഥലത്തുകൂടി പുൽക്കൃഷി വ്യാപിപ്പിക്കാനും 100 ക്ഷീരകർഷക സംഘം സൊസൈറ്റികൾ രൂപീകരിക്കാനും നടപടി സ്വീകരിക്കുന്നതാണ്. പൊതുവിതരണരംഗത്ത് കേരളത്തിലെ ജനങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ പ്രഖ്യാപിക്കുന്ന അവസരത്തിൽ ജനങ്ങളോട് പ്രതിബദ്ധതയുണ്ടെന്ന് അവകാശപ്പെടുന്ന പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയത് ശരിയായ നടപടിയല്ല. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഭക്ഷ്യം എന്ന XXX- ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI -ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീരവ്യവസായം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 3.20-ന് പിരിഞ്ഞു.

*****************